ഹദീസ്

നൗഷാദ് ചേനപ്പാടി

# കുടുംബബന്ധങ്ങൾ ചേർത്തുനിർത്തുക

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : مَنْ سَرَّهُ أَنْ يُبْسَطَ لَهُ فِي رِزْقِهِ أَوْ يُنْسَأَ لَهُ فِي أَثَرِهِ فَلْيَصِلْ رَحِمَهُ ( البخاري 2067 ومسلم 2557).

**അനസുബ്നു മാലികി(റ)ൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: ഈ ദുൻയാവിലെ തന്റെ വിഭവങ്ങളിൽ ധാരാളമായി അനുഗ്രഹമുണ്ടാവുന്നതും ദീർഘായുസ്സ് ലഭിക്കുന്നതും മരണ ശേഷം സൽപ്പേര് നിലനിൽക്കുന്നതുമായ കാര്യങ്ങൾ ആരെയെങ്കിലും സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ രക്തബന്ധം / കുടുംബബന്ധം ചേർത്തുകൊള്ളട്ടെ (ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും തങ്ങളുടെ സ്വഹീഹുകളിൽ ഉദ്ധരിച്ചത്).**

രക്തബന്ധങ്ങളും കുടുംബബന്ധങ്ങളും മുമ്പെങ്ങുമില്ലാത്ത വിധം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അതീവ പ്രാധാന്യത്തോടെ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ട ഹദീസാണിത്. ദുൻയാവിൽ ഏതൊരു മനുഷ്യനും എപ്പോഴും ആഗ്രഹിക്കുന്ന രണ്ടേ രണ്ടു കാര്യങ്ങളെ അടിസ്ഥാനപരമായുള്ളൂ. അതാണ് ഹദീസിൽ എടുത്തു പറഞ്ഞിട്ടുള്ളത്. ജീവിക്കുന്ന കാലമത്രയും ഒരു മുട്ടുമില്ലാതെ ദുൻയാവിന്റെ വിഭവങ്ങൾ ധാരാളമായി ലഭിച്ചുകൊണ്ടിരിക്കണം. രണ്ടാമതായി, ആരോഗ്യത്തോടെയും ആഫിയത്തോടെയും ദീർഘായുസ്സ് ലഭിക്കണം. മറ്റെന്ത് ആഗ്രഹമുണ്ടെങ്കിലും അതൊന്നും മൗലികപ്രാധാന്യമുള്ളതല്ല. ഈ രണ്ട് അനുഗ്രഹങ്ങൾ ലഭിക്കാതെ മറ്റെന്ത് അനുഗ്രഹം കിട്ടിയാലും അതുകൊണ്ട് പ്രയോജനവുമില്ല. അത് കരസ്ഥമാക്കാൻ അല്ലാഹുവിന്റെ റസൂൽ (സ) നമുക്ക് നിർദേശിച്ചുതരുന്നത് ഒരേയൊരു കാര്യം മാത്രം; എന്നും എപ്പോഴും രക്തബന്ധത്തെ അഥവാ കുടുംബബന്ധത്തെ ചേർത്തു നിർത്തണമെന്ന്.

ഇമാം അഹ്മദ് (റ) *സവാഇദ് മുസ്നദി*ലും ഇമാം ത്വബറാനി (റ) *ഔസതി*ലും ഈ രണ്ടു കാര്യം കൂടാതെ മൂന്നാമതൊന്നുകൂടി പറയുന്നുണ്ട്; കുടുംബബന്ധം ചേർക്കൽ ദാരുണമായ മരണത്തെ തടയുമെന്ന്. ഇതും മനുഷ്യനൊരിക്കലും ആഗ്രഹിക്കുന്നതല്ലല്ലോ.

കുടുംബബന്ധങ്ങൾ ചേർക്കാതിരിക്കുന്നതിന്റെയും മുറിക്കുന്നതിന്റെയും അടിസ്ഥാന കാരണം, തന്റെ സമ്പത്ത് അവർക്കുവേണ്ടി നിരന്തരം ചെലവഴിക്കുക മുഖേന അത് തീർന്നുപോകുമെന്നുള്ള ഉത്കണ്ഠയും ഭയവുമാണല്ലോ. പിന്നെ, തനിക്കും തന്റെ ഭാര്യാ-മക്കൾക്കും വേണ്ടി സമ്പാദിക്കാനുള്ള സമയം മറ്റു ബന്ധുക്കൾക്കുവേണ്ടി മാറ്റിവെക്കാനുള്ള താൽപര്യമില്ലായ്മയും. രണ്ടിനും പരിഹാരം ഹദീസിൽ നിർദേശിച്ചിരിക്കുന്നു. അതായത്, സമ്പത്തും ജീവിതവിഭവങ്ങളും അല്ലാഹു വർധിപ്പിച്ചുതരുമെന്നും ആയുസ്സ് നീട്ടിത്തരുമെന്നും. അല്ലാഹുവിനെയും അവന്റെ കഴിവുകളെയും അവന്റെ നടപടിക്രമത്തെയും അ

വനിലുള്ള തവക്കുലിന്റെ യാഥാർഥ്യത്തെയും വേണ്ടം വണ്ണം മനസ്സിലാക്കാതെ പോയതിന്റെ ദുരന്തമാണ്, കുടുംബബന്ധം ചേർക്കാതിരിക്കാനും മുറിക്കാനും ഒരു മുസ്‌ലിമിനെ പ്രേരിപ്പിക്കുന്ന ഭൗതികമാത്രമായ ഈ കാഴ്ചപ്പാട്. കുടുംബബന്ധം ചേർത്താൽ എങ്ങനെയാണ് ഈ ദുൻയാവിലെ സമ്പത്ത് വർധിക്കുക, ആയുസ്സു നീട്ടിക്കിട്ടുക? ഇതൊരിക്കലും ഭൗതികമായ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കുക സാധ്യമല്ല. അല്ലാഹുവിന്റെ അപാരമായ കഴിവിലും നിയന്ത്രണാധികാരത്തിലും വിശ്വാസമുള്ള ഒരു വിശ്വാസിക്കു മാത്രമേ അതിന്റെ വ്യാഖ്യാനം പിടികിട്ടുകയുള്ളു. അതുകൊണ്ടാണല്ലോ ആദ്യമായിത്തന്നെ 'ഗയ്ബി'ൽ/ അദൃശ്യങ്ങളിൽ വിശ്വസിക്കണമെന്ന് ഖുർആൻ പറഞ്ഞത്. അപ്പോഴേ ഭൗതിക മാനദണ്ഡങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും അതീതമായി നിന്ന്, എല്ലാ പ്രയാസങ്ങളെയും പ്രതിബന്ധങ്ങളെയും ഒന്നുമല്ലാതായിക്കണ്ട് അല്ലാഹുവിന്റെ ആജ്ഞാനിർദേശങ്ങളെ പ്രാവർത്തികമാക്കാൻ അവനു കഴിയുകയുള്ളൂ.

ഇമാം ബുഖാരി ഉദ്ധരിച്ച ഹദീസിൽ (നമ്പർ 5988) ഇങ്ങനെ കാണാം: ''നിശ്ചയമായും 'റഹ്മാന്റെ' ശാഖയിൽപ്പെട്ടതാണ് 'റഹിമ്' എന്ന അർഥമുള്ള ഉമ്മയുടെ ഗർഭപാത്രം. അല്ലാഹു ഗർഭപാത്രത്തോടു പറഞ്ഞു: ആര് നീയുമായി ബന്ധം ചേർത്തുവോ അവനോട് ഞാനും ബന്ധം ചേർക്കും. ആര് നീയുമായി ബന്ധം മുറിക്കുന്നുവോ അവനോട് ഞാനും ബന്ധം മുറിച്ചിരിക്കും.''

അപ്പോൾ കുടുംബബന്ധം മുറിക്കുക എന്നത് അല്ലാഹുവുമായുള്ള ബന്ധം മുറിക്കലാണ്. അവനുമായി ബന്ധം മുറിച്ചവൻ ശാശ്വതമായി നരകത്തിലുമായിരിക്കും. അത്രമാത്രം ഗൗരവമേറിയതാണ് കുടുംബബന്ധം ചേർക്കലും മുറിക്കലും.

ഖുർആനിൽ അല്ലാഹുവോടുള്ള ബന്ധം നിലനിർത്തണമെന്ന, ഇബാദത്ത് ചെയ്യണമെന്ന കൽപനക്കു ശേഷം തൊട്ടുടനെ മാതാപിതാക്കളോടുള്ള ബന്ധം നിലനിർത്തണമെന്ന, അവർക്ക് ഇഹ്സാൻ ചെയ്യണമെന്ന കൽപനയാണ് കാണുക. ഇഹ്സാനിന് നന്മ ചെയ്യുക എന്ന പരിഭാഷ അപൂർണമാണ്. 'അഹ്സന'ക്കു ശേഷം 'ഇലാ' എന്ന അവ്യയം (ഹർഫ്) ചേർത്താണ് ഭാഷയിൽ പ്രയോഗിക്കുക. 'അഹ്സിൻ കമാ അഹ്സനല്ലാഹു ഇലൈക' എന്ന് ഖുർആൻതന്നെ പ്രയോഗിച്ചതായി കാണാം. ഇഹ്സാനിന് പ്രധാനമായി രണ്ടർഥങ്ങളുണ്ട്. ഒന്ന്, അനുഗ്രഹം ചൊരിയുക. സാധുക്കൾക്കും ആവശ്യക്കാർക്കും സ്വദഖ ചെയ്തുകൊണ്ടും മറ്റും. രണ്ട്, പ്രവൃത്തിയിൽ ഇഹ്സാൻ ചെയ്യുക. അഥവാ ആത്മാർഥതയോടെയും കാരുണ്യത്തോടെയും സൗമ്യതയോടെയും പെരുമാറുക എന്ന്. അതിന് ഒറ്റവാക്കിൽ നന്മ ചെയ്യുക എന്നാണ് മലയാളത്തിൽ പറയുക. എന്നാൽ മാതാപിതാക്കൾക്കു നന്മ ചെയ്യണം എന്നു പറഞ്ഞപ്പോൾ 'വബിൽ വാലിദൈനി ഇഹ്സാനൻ' എന്ന പ്രയോഗമാണ് ഖുർആനിൽ കാണുക. അഞ്ചു തവണയും ഇതേ രീതിയിലാണ് ഖുർആനിൽ വന്നിട്ടുള്ളത്. അതായത് ഒരു സന്തതിക്ക് സാധ്യമായ എല്ലാ അനുഗ്രഹങ്ങളും പൂർണമായ ഇഖ്ലാസോടെ അവർക്കു നൽകി, അവരോടുള്ള പെരുമാറ്റത്തിൽ അങ്ങേയറ്റത്തെ കാരുണ്യവും സൗമ്യതയും സ്നേഹവും കാണിക്കണമെന്ന്. അതിലെന്തെങ്കിലും കുറവു വന്നു എന്നു അവർക്കു തോന്നാത്തവണ്ണം. ഇതൊന്നും ഖുർആനികമായ ആ പ്രയോഗത്തിന്റെ മുഴുവൻ അർഥതലങ്ങളെയും ഉൾക്കൊള്ളുന്നില്ല എന്നും മനസ്സിലാക്കണം.

മാതാവും പിതാവും വഴിക്കുള്ള ബന്ധമാണിവിടെ കുടുംബബന്ധങ്ങൾ കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. അവരുടെ മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ എന്നിവരും അവരിലൂടെയുള്ള മക്കളും. ഇവരുടെ രണ്ടു പേരുടെയും വംശപരമ്പരയെയും ശ്രദ്ധിക്കണമെന്ന് മറ്റൊരു ഹദീസിൽ കാണാം. പട്ടിണിമൂലമോ രോഗം കാരണമോ മറ്റെന്തെങ്കിലും കാരണത്താലോ കഷ്ടപ്പെടുന്നവർ രക്തബന്ധത്തിൽപെട്ട അകന്നവരായാൽപോലും അവരെ കണ്ടെത്തി സഹായിച്ച് ബന്ധം ചേർക്കണമെന്നും നിലനിർത്തണമെന്നുമാവാം നബി(സ) അതുമുഖേന ഉദ്ദേശിച്ചിരിക്കുക. അത്രമാത്രം പ്രാധാന്യം കുടുംബബന്ധത്തിന് ഇസ്‌ലാം കൽപിച്ചിട്ടുണ്ട്.

●